## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6972 — 13.07.2012-ൽ മറുപടിക്ക്

### ബാലവേല

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ബാലവേല കർശനമായി തടയുന്നതിനു വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) ബാലവേല തടയുന്നതിനായി ജില്ലാ ലേബർ ഓഫീസറുടെ നേതൃത്വത്തിൽ സ്ക്വാഡ് പരിശോധനകൾ നടത്തിവരുന്നു. ഇതിലേയ്ക്ക് ചൈൽഡ് ലൈൻ, ഡോൺ ബോസ്കോ തുടങ്ങിയ സന്നദ്ധ സംഘടനകളുടെ സഹായവും ലഭിക്കുന്നുണ്ട്. ബാലവേലയ്ക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിന് സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിൽ ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ഫ്ലക്സ് ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തുവരുന്നു. അവയിൽ ഹെൽപ്പ് ലൈനിന്റേയും അതാത് ജില്ലാ ലേബർ ഓഫീസുകളുടേയും നമ്പർ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ചൈൽഡ് ലൈനിന്റെ ടോൾഫ്രീ നമ്പരും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബാലവേല നിർമ്മാർജ്ജന പരിപാടിയുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി കോർ കമ്മിറ്റിയും മോണിറ്ററിംഗ് കമ്മിറ്റിയും പ്രവർത്തിച്ചുവരുന്നു. |
| (ബി) ഇതുമായി ബന്ധപ്പെട്ട് അവസാനം സർക്കാർ പുറത്തിറക്കിയ ഉത്തരവ് ഏതാണ്; | (ബി) 08.09.2010 ലെ സ.ഉ (എം.എസ്) നമ്പർ 110/2010/തൊഴിൽ. |

| | |
|---|---|
| (സി) ബാലവേല എന്ന കുറ്റ കൃത്യത്തിന്റെ പേരിൽ സംസ്ഥാനത്ത് 2012 ജനുവരി മുതൽ 2012 ജൂൺവരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്? | (സി) ഒരു കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ആഫീസർ